Media Coverage Report: TCS InQuizitive 2026

Kochi at University Auditorium - September 9, 2026 (Wednesday)

Deepika (Malayalam)(Kochi)	Thu, 1 October 2026	Page 5

ടിസിഎസ് ഇൻക്വിസിറ്റീവ് 2026: പ്രിയാൻഷും ശാന്തനുവും ജേതാക്കൾ

കൊച്ചി: ടിസിഎസ് ഇൻക്വിസിറ്റീവ് 2026 ഇന്റർ സ്കൂൾ ക്വിസ് പ്രോഗ്രാമിന്റെ കൊച്ചി എഡിഷൻ മത്സരങ്ങളിൽ എരൂർ ഭവൻസ് വിദ്യാമന്ദിറിലെ പ്രിയാൻഷ് നായരും എസ്. ശാന്തനുവും വിജയികളായി. ഇവർ ദേശീയ തലത്തിലുള്ള സെമി ഫൈനൽ മത്സരങ്ങളിൽ കൊച്ചിയെ പ്രതിനിധീകരിക്കും.

കൊച്ചിക്കുപുറമെ കോത്തഗിരി, തൃശൂർ, കോട്ടയം, പാലക്കാട് എന്നിവിടങ്ങളിൽനിന്നുള്ള 32 സ്കൂളുകളെ പ്രതിനിധീകരിച്ച് 102 ടീമുകൾ കൊച്ചി എഡിഷനിൽ പങ്കെടുത്തു. ഫാക്ട് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എസ്. ശക്തിമണി ചടങ്ങിൽ മുഖ്യാതിഥിയായി. ടിസിഎസ് കൊച്ചി സെന്റർ ഹെഡ് അരുൺ നാരായൺ തെക്കേതിൽ പങ്കെടുത്തു.

ടിസിഎസ് ഇൻക്വിസിറ്റീവ് 2026 കൊച്ചി എഡിഷൻ വിജയികളായ എരൂർ ഭവൻസ് വിദ്യാമന്ദിറിലെ പ്രിയാൻഷ് നായരും എസ്. ശാന്തനുവും ഫാക്ട് സിഎംഡി എസ്. ശക്തിമണി, ടിസിഎസ് കൊച്ചി സെന്റർ ഹെഡ് അരുൺ നാരായൺ തെക്കേതിൽ എന്നിവർക്കൊപ്പം.

Deshabhimani (Malayalam)(Kochi)	Thu, 1 October 2026	Page 5

പ്രിയാൻഷ് നായരും എസ് ശാന്തനുവും ജേതാക്കൾ

ടിസിഎസ് ഇന്റർസ്കൂൾ ക്വിസ് മത്സര വിജയികളായ പ്രിയാൻഷ് നായർ, എസ് ശാന്തനു

കൊച്ചി

ടാറ്റ കൺസൾട്ടൻസി സർവീസസിന്റെ 'ഇൻക്വിസിറ്റീവ്–2026' ഇന്റർസ്കൂൾ ക്വിസ് മത്സരത്തിന്റെ കൊച്ചി പതിപ്പിൽ എരൂർ ഭവൻസ് വിദ്യാമന്ദിറിലെ പ്രിയാൻഷ് നായരും എസ് ശാന്തനുവും ജേതാക്കളായി. ഇവർ ദേശീയതലത്തിലുള്ള സെമി ഫൈനൽ മത്സരങ്ങളിൽ കൊച്ചിയെ പ്രതിനിധാനം ചെയ്യും. എട്ടുമുതൽ 12വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികൾക്കായി നടത്തിയ മത്സരത്തിൽ 32 സ്കൂളുകളെ പ്രതിനിധാനം ചെയ്ത് 102 ടീമുകൾ പങ്കെടുത്തു.

Malayala Manorama (Malayalam)(Kochi)	Thu, 1 October, 2026	Page 2

ടിസിഎസ് ഇൻക്വിസിറ്റീവ് 2026 കൊച്ചി എഡിഷൻ വിജയികളായ എരൂർ ഭവൻസ് വിദ്യാമന്ദിറിലെ പ്രിയാൻഷ് നായരും എസ്.ശന്തനുവും ഫാക്ട് സിഎംഡി എസ്. ശക്തി മണി, ടിസിഎസ് കൊച്ചി സെന്റർ മേധാവി അരുൺ നാരായൺ തെക്കേതിൽ എന്നിവർക്കൊപ്പം.

പ്രിയാൻഷ് നായരും എസ്.ശന്തനുവും ജേതാക്കൾ

കൊച്ചി● ടാറ്റാ കൺസൽറ്റൻസി സർവീസസ് സംഘടിപ്പിച്ച ഇന്റർ സ്കൂൾ ക്വിസ് പരിപാടിയായ ഇൻക്വിസിറ്റീവ് 2026 കൊച്ചി എഡിഷനിൽ എരൂർ ഭവൻസ് വിദ്യാമന്ദിറിലെ പ്രിയാൻഷ് നായരും എസ്.ശന്തനുവും ജേതാക്കളായി. ദേശീയതലത്തിലുള്ള സെമിഫൈനൽ മത്സരങ്ങളിൽ ഇവർ കൊച്ചിയെ പ്രതിനിധീകരിക്കും.

കോത്തഗിരി, തൃശൂർ, കോട്ടയം, പാലക്കാട് എന്നിവിടങ്ങളിൽ നിന്നുള്ള 32 സ്കൂളുകളെ പ്രതിനിധീകരിച്ച് 102 ടീമുകൾ കൊച്ചി എഡിഷനിൽ പങ്കെടുത്തു. ഫാക്ട് ചെയർമാനും മാനേജിങ് ഡയറക്ടറുമായ എസ്. ശക്തിമണി മുഖ്യാതിഥിയായി. ടാറ്റാ കൺസൽറ്റൻസി സർവീസസ് കൊച്ചി സെന്റർ ഹെഡ് അരുൺ നാരായൺ തെക്കേതിൽ പ്രസംഗിച്ചു.

New age (Malayalam)(Kochi)	Thu, 2 October , 2026	Page 8

ടിസിഎസ് ഇൻക്വിസിറ്റീവ് 2026 കൊച്ചി എഡിഷൻ ജേതാക്കൾ

കൊച്ചി: ടാറ്റ കൺസൾട്ടൻസി സർവീസസ്, തങ്ങളുടെ ഇന്റർ-സ്കൂൾ ക്വിസ് പ്രോഗ്രാമായ ടിസിഎസ് ഇൻക്വിസിറ്റീവ് 2026-ന്റെ കൊച്ചി എഡിഷൻ മത്സരങ്ങൾ സംഘടിപ്പിച്ചു. എരൂർ ഭവൻസ് വിദ്യാമന്ദിറിലെ പ്രിയാൻഷ് നായരും ശാന്തനു എസും കൊച്ചി എഡിഷനിൽ വിജയികളായി. വിജയികൾ ദേശീയതലത്തിലുള്ള സെമി ഫൈനൽ മത്സരങ്ങളിൽ കൊച്ചിയെ പ്രതിനിധീകരിക്കും.

കൊച്ചി, കൂടാതെ കോത്തഗിരി, തൃശൂർ, കോട്ടയം, പാലക്കാട് എന്നിവിടങ്ങളിൽ നിന്നുള്ള 32 സ്കൂളുകളെ പ്രതിനിധീകരിച്ച് 102 ടീമുകൾ കൊച്ചി എഡിഷനിൽ പങ്കെടുത്തു. ഫാക്ട് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എസ്. ശക്തിമണി ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. ടാറ്റ കൺസൾട്ടൻസി സർവീസസിനെ പ്രതിനിധീകരിച്ച് ടിസിഎസ് കൊച്ചി സെന്റർ ഹെഡ് അരുൺ നാരായൺ തെക്കേതിൽ ചടങ്ങിൽ സന്നിഹിതനായിരുന്നു.

ടിസിഎസ് ഇൻക്വിസിറ്റീവ് 2026 കൊച്ചി എഡിഷൻ വിജയികളായ എരൂർ ഭവൻസ് വിദ്യാമന്ദിറിലെ പ്രിയാൻഷ് നായരും ശാന്തനു എസും, ഫാക്ട് സിഎംഡി എസ്. ശക്തിമണി, ടിസിഎസ് കൊച്ചി സെന്റർ ഹെഡ് അരുൺ നാരായൺ തെക്കേതിൽ എന്നിവർക്കൊപ്പം.

എരൂർ ഭവൻസ് വിദ്യാമന്ദിറിലെ പ്രിയാൻഷ് നായരും ശാന്തനു എസും ടിസിഎസ് ഇൻക്വിസിറ്റീവ് 2026 കൊച്ചി എഡിഷൻ ജേതാക്കൾ

കൊച്ചി: ടാറ്റ കൺസൾട്ടൻസി സർവീസസ്, തങ്ങളുടെ ഇന്റർസ്കൂൾ ക്വിസ് പ്രോഗ്രാമായ ടിസിഎസ് ഇൻക്വിസിറ്റീവ് 2026ന്റെ കൊച്ചി എഡിഷൻ മത്സരങ്ങൾ സംഘടിപ്പിച്ചു. എരൂർ ഭവൻസ് വിദ്യാമന്ദിറിലെ പ്രിയാൻഷ് നായരും ശാന്തനു എസും കൊച്ചി എഡിഷനിൽ വിജയികളായി. വിജയികൾ ദേശീയതലത്തിലുള്ള സെമി ഫൈനൽ മത്സരങ്ങളിൽ കൊച്ചിയെ പ്രതിനിധീകരിക്കും.

കൊച്ചി, കൂടാതെ കോത്തഗിരി, തൃശൂർ, കോട്ടയം, പാലക്കാട് എന്നിവിടങ്ങളിൽ നിന്നുള്ള 32 സ്കൂളുകളെ പ്രതിനിധീകരിച്ച് 102 ടീമുകൾ കൊച്ചി എഡിഷനിൽ പങ്കെടുത്തു. ഫാക്ട് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എസ്. ശക്തിമണി ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. ടാറ്റ കൺസൾട്ടൻസി സർവീസസിനെ പ്രതിനിധീകരിച്ച് ടിസിഎസ് കൊച്ചി സെന്റർ ഹെഡ് അരുൺ നാരായൺ തെക്കേതിൽ ചടങ്ങിൽ സന്നിഹിതനായിരുന്നു.

നിർമ്മിത ബുദ്ധിയുടെ കരുത്ത് പ്രയോജനപ്പെടുത്തിക്കൊണ്ട്, ഈ വർഷത്തെ ടിസിഎസ് ഇൻക്വിസിറ്റീവ് മത്സരങ്ങളിൽ തത്സമയ എഐ അധിഷ്ഠിത അനലിറ്റിക്സ് ലഭ്യമാക്കിയിരുന്നു. ഓരോ റൗണ്ടിന് ശേഷവും തങ്ങളുടെ പ്രകടനത്തിന്റെ വിശദമായ വിവരങ്ങൾ കാണാനും മെച്ചപ്പെടുത്തേണ്ട മേഖലകൾ വേഗത്തിൽ തിരിച്ചറിയാനും ഇത് മത്സരാർത്ഥികളെ സഹായിച്ചു.

പുതിയ ആശയങ്ങൾക്കും നവീകരണങ്ങൾക്കും അവസരങ്ങൾക്കുമുള്ള ഒരു കവാടമായി കൊച്ചി മാറിയിരിക്കുന്നുവെന്നും അതുകൊണ്ടുതന്നെ യുവപ്രതിഭകളെ ആഘോഷിക്കാൻ പറ്റിയ ഏറ്റവും മികച്ച വേദിയാണിതെന്നും ടിസിഎസ് കൊച്ചി സെന്റർ ഹെഡ് അരുൺ നാരായൺ തെക്കേതിൽ പറഞ്ഞു. രാജ്യത്തെ തന്നെ ഏറ്റവും മിടുക്കരായ യുവമനസുകളെ വാർത്തെടുക്കാനുള്ള കൊച്ചിയുടെ കഴിവാണ് ഈ മത്സരത്തിൽ കണ്ട അത്യുജ്ജ്വലമായ ക്വിസ് നിലവാരം പ്രതിഫലിപ്പിക്കുന്നത്. എല്ലാ ടീമുകളെയും അഭിനന്ദിക്കുന്നുവെന്നും ദേശീയ സെമി ഫൈനലിൽ കൊച്ചിയെ പ്രതിനിധീകരിക്കുന്ന വിജയികൾക്ക് എല്ലാവിധ ആശംസകളും നേരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

8 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി ഒരുക്കിയിരിക്കുന്ന ടിസിഎസ് ഇൻക്വിസിറ്റീവ് മത്സരം വിദ്യാഭ്യാസം, വിനോദം, കായികം, ബിസിനസ് ട്രെൻഡുകൾ, പരസ്യം, സോഷ്യൽ മീഡിയ തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങൾ ഉൾക്കൊള്ളുന്നതാണ്. സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്, മാത്തമാറ്റിക്സ് എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നതിനൊപ്പം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഓട്ടോമേഷൻ, ബയോമെട്രിക്സ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളെക്കുറിച്ചും ഈ ക്വിസ് പ്രതിപാദിക്കുന്നു.

Online			
1st of October 2026	എരൂർ ഭവൻസ് വിദ്യാമന്ദിറിലെ പ്രിയാൻഷ് നായരും ശാന്തനു എസും ടിസിഎസ് ഇൻക്വിസിറ്റീവ് 2026 കൊച്ചി എഡിഷൻ ജേതാക്കൾ	Malayalam Express , Malayalam	Online Web
1st of October 2026	എരൂർ ഭവൻസ് വിദ്യാമന്ദിറിലെ പ്രിയാൻഷ് നായരും ശാന്തനു എസും ടിസിഎസ് ഇൻക്വിസിറ്റീവ് 2026 കൊച്ചി എഡിഷൻ ജേതാക്കൾ	THE LOCAL ECONOMY, Malayalam	Online Web
1st of October 2026	Priansh Nair and Shanthanu S from Bhavan's Vidya Mandir, Eroor, win the Kochi Edition of TCS InQuizitive 2026	Business Digest, English	Online Web